(സി) പി.എസ്.സി മെമ്പർമാരുടെ സമയം ലഭിക്കാത്തതുകാരണമാണ് പല ഡി.പി.സി.കളും കൂടാത്തത് എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന് എന്തെങ്കിലും നിർദ്ദേശം നൽകുവാൻ സാധിക്കുമോ;

(ഡി) ഏതെങ്കിലും തസ്തികകളിലേക്ക് പ്രൊമോഷന് ഡി.പി.സി കൂടുന്നത് ഒഴിവാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഡി.പി.സി കൂടുന്നതിലെ കാലതാമസവും തന്മൂലം പ്രൊമോഷൻ തടസ്സപ്പെടുന്നതും സംബന്ധിച്ച് വിവിധ സർവീസ് സംഘടനകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) പി.എസ്.സി മെമ്പർമാരുടെ സമയം ലഭിക്കാത്തത് മൂലം ഡി.പി.സി കൂടുവാൻ താമസിക്കുന്നതായി ഏതാനും ചില വകുപ്പ് മേധാവികൾ മുൻപ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 22.6.1998-ൽ ചീഫ് സെക്രട്ടറി പി.എസ്.സി ചെയർമാന് ഒരു അർദ്ധ ഔദ്യോഗിക കത്ത് അയയ്ക്കുകയും, ആയതിന് ലഭിച്ചിട്ടുള്ള മറുപടിയിൽ, ഈ കാര്യത്തിൽ ഏറ്റവും കഴിയുന്ന സഹകരണം നൽകുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഡി.പി.സി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നൽകേണ്ടതായ ഏതെങ്കിലും തസ്തികകളെ, ഈ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണനയിലില്ല.

ഡി.പി.സി കൂടാൻ നടപടി

12(2941)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാപോലീസിലെ ജില്ലാ ആംഡ് റിസർവ് വിഭാഗത്തിലെ സബ് ഇൻസ്പെക്ടർമാരുടെ പ്രൊമോഷനുകൾക്കുള്ള ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) കൂടുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേരള പി.എസ്.സി ചെയർമാനും ആഭ്യന്തര വകുപ്പിലെ അഡീഷണൽ സെക്രട്ടറിക്കും ഡി.പി.സി കൂടുന്നതിനുള്ള തീയതി ആരാഞ്ഞ് ഡി.ജി.പി. എഴുതിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വിശദമായി വ്യക്തമാക്കാമോ;

(സി) എല്ലാ നടപടികളും പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ പൂർത്തിയായിട്ടും ഡി.പി.സി കൂടാത്തത് എന്താണെന്ന് അറിയിക്കുമോ;

(ഡി) ഡി.പി.സി കൂടി പ്രൊമോഷൻ നടത്താത്തതു മൂലം ജില്ലാ ആംഡ് റിസർവിലെ 23 സബ് ഇൻസ്പെക്ടർമാരും അർഹതപ്പെട്ട പ്രൊമോഷനുകൾ കഴിഞ്ഞ ഒരു വർഷത്തിലധികമായി തടയപ്പെട്ടിരിക്കുകയാണെന്നുള്ള സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജില്ലാ ആംഡ് റിസർവിലെ സബ് ഇൻസ്പെക്ടർമാരുടെ പ്രൊമോഷനുകൾക്കുള്ള ഡി.പി.സി കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-സി) ഡി.പി.സി കൂടുകയും 1992 മുതൽ 1997 വരെയുള്ള വർഷങ്ങളിലേക്കുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) 1992 മുതൽ 1997 വരെയുള്ള സെലക്ട് ലിസ്റ്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസം

13 (2942) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ ഇപ്പോൾ ആകെ എത്ര ഉദ്യോഗസ്ഥന്മാരാണുള്ളതു എന്ന് വെളിപ്പെടുത്തുമോ;

(ബി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സെക്രട്ടറിയേറ്റിൽ നിന്ന് ഉദ്യോഗസ്ഥന്മാരെ പുനർവിന്യസിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എത്ര ഉദ്യോഗസ്ഥന്മാരെയാണ് ജില്ലകളിലേയ്ക്ക് മാറ്റുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4,461 ഉദ്യോഗസ്ഥന്മാർ

(ബി) ഉണ്ട്.

(സി)&(ഡി) ഇതുവരെ 37 ഉദ്യോഗസ്ഥരെ പെർഫോർമൻസ് ഓഡിറ്റ് വിംഗിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്. സെൻ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നടത്തിയ പ്രവൃത്തി പഠനം കൂടാതെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ (1996-98) 12-ാം റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിൽ വിശദമായ ഒരു പ്രവൃത്തി പഠനം ഇപ്പോൾ നടത്തി വരികയാണ്. പ്രസ്തുത പഠനം പൂർത്തിയാക്കിയ ശേഷം മാത്രമേ പൂർണ്ണ വിവരം ലഭിക്കുകയുള്ളൂ.

ജീവനക്കാരെ പുനർവിന്യാസം ചെയ്യുന്നതിനുള്ള നടപടികൾ

14 (2943) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly